"ഭരണഭാഷ – മാതൃഭാഷ"
(കേരളസംസ്ഥാനം)
വ്യാവസായിക പരിശീലനവകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033
ഇ മെയിൽ :cru.dttvpm@kerala.gov.in ഫോൺ :0471-2303856

---

**DT/322/2026-C2** **തീയതി: 25-05-2026**

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - സംസ്ഥാനത്തെ എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ NIMS ഉൾപ്പെടുത്തുന്നത് - DGT അറിയിച്ചിട്ടുള്ള നിർദേശങ്ങൾ 30/06/2026 തീയതിക്ക് മുൻപായി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. 16/01/2026 തീയതിയിലെ DGT യിൽ നിന്നുള്ള കത്ത്.
2. 30/01/2026 തീയതിയിലെ DT/322/2026-C2 (2) നമ്പരായ ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത്.
3. 10/03/2026 തീയതിയിലെ DT/1206/2026-A2 നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
4. 18/03/2026, 25/03/2026, 01/04/2026, 20/04/2026, തീയതികളിലെ DT/322/2026-C2 നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
5. 02/04/2026 തീയതിയിലെ മുഖ്യകാര്യാലയത്തിൽ നിന്നുള്ള മെയിൽ സന്ദേശം.
6. 02/05/2026,15/05/2026 തീയതികളിലെ DT/322/2026-C2(1) നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
7. DGT യിൽ നിന്നും തൊഴിലും നൈപുണ്യവും സ്പെഷ്യൽ സെക്രട്ടറിക്ക് 18/05/2026 തീയതിയിൽ നൽകിയ DGT-MIS013/2/2023-O/o DIR(TC) നമ്പർ DO കത്ത്.

*********

സൂചനകൾ കണ്ടാലും. 2026 പരിശീലന വർഷം മുതൽ ഇന്ത്യയിലെ സർക്കാർ/ സ്വകാര്യ ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെ ലഭ്യതകുറവ് പരിഹരിക്കുന്നതിനും, ഇരട്ടിപ്പുകൾ ഒഴിവാക്കുന്നതിനും, ഇൻസ്ട്രക്ടർമാരുടെ പരിശോധിച്ച് ഉറപ്പിച്ച ഒരു ദേശീയ ഡാറ്റ ബേസ് തയ്യാറാക്കുന്നതിനുമായി SIDH

പ്ലാറ്റ്ഫോമിൽ നാഷണൽ ഇൻസ്ട്രക്ടർ മാനേജ്മെന്റ് സിസ്റ്റം (**NIMS**) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർദേശങ്ങൾ അറിയിപ്പുകളിലൂടെ **DGT** യിൽ നിന്നും നൽകിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ സൂചന **3** ചുറ്ററിയിപ്പ് പ്രകാരം എല്ലാ സർക്കാർ ഐ ടി ഐ സ്ഥാപന മേധാവിമാർക്കും, സൂചന **2** കത്തിലൂടെ എല്ലാ സ്വകാര്യ/**SCDD**/**STDD** സ്ഥാപന മേധാവിമാർക്കും പ്രസ്തുത **DGT** നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള അറിയിപ്പുകൾ നൽകിയിരുന്നു. കൂടാതെ **NIMS** നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും പൊതുവായി ഉയർന്നു വന്ന ചോദ്യങ്ങൾ./സംശയങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി കൊണ്ടുള്ള **DGT** നിർദേശങ്ങൾ (സൂചന **4,5,6**) പ്രകാരം എല്ലാ സർക്കാർ/സ്വകാര്യ/**SCDD**/**STDD** സ്ഥാപനങ്ങൾക്കും നൽകിയിരുന്നു.

**DGT** യിൽ നിന്നും **NIMS** പോർട്ടൽ ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ പുരോഗതി ത്വരിതപെടുത്തുന്നത്തിനായി സൂചന **7** പ്രകാരം ബഹുമാനപെട്ട തൊഴിലും നൈപുണ്യവും സ്പെഷ്യൽ സെക്ട്ടറിക്ക് **18/05/2026** തീയതിയിൽ അയച്ച **DGT-MIS013/2/2023-O/o DIR(TC)** നമ്പർ **DO Letter** പ്രകാരം അറിയിച്ചിരിക്കുന്നു. നിലവിൽ കേരളത്തിൽ ആകെ ഇൻസ്ട്രക്ടർമാരിൽ **3 9** ശതമാനം (**Up to 22.05.2026**) രജിസ്ട്രേഷൻ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതതെന്നും **51.8** ശതമാനം ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ നടപടികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ലെന്നും, ബന്ധപ്പെട്ട യൂണിറ്റുകളിലേക്ക് ഇൻസ്ട്രക്ടർമാരെ മാപ്പ് ചെയ്യതിന് ശേഷമേ സീറ്റ് മെട്രിക്സ് തയ്യാറാക്കുവാൻ സാധിക്കൂ എന്നതിനാൽ അത്തരത്തിൽ അംഗീകൃതമായ ട്രേഡുകളിലും, യൂണിറ്റുകളിലും മാത്രമേ **2026** പരിശീലന വർഷത്തേക്കുള്ള അഡ്മിഷൻ അനുവദിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

എല്ലാ സർക്കാർ/സ്വകാര്യ/**SCDD**/**STDD** സ്ഥാപനമേധാവിമാരും, **DGT** നൽ കിയിരിക്കുന്ന **NIMS** രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിക്കേണ്ടതും അപ്ഡേറ്റ് ചെയ്യാത്ത എല്ലാ ഇൻസ്ട്രക്ടർമാരുടെയും വിവരങ്ങൾ **30/06/2026** തീയതിക്ക് മുൻപായി തന്നെ പോർട്ടലിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Digitally signed by
Vasudevan P
Date: 25-05-2026
13:54:13

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്: എല്ലാ ഗവണ്മെന്റ് ഐടിഐ/ബിറ്റിസി/എവിറ്റിഎസ് പ്രിൻസിപ്പാൾമാർക്കും.

എല്ലാ എസ് ടി ഡി ഡി/ എസ് സി ഡി ഡി ഐടിഐ പ്രിൻസിപ്പാൾമാർക്കും

എല്ലാ പ്രൈവറ്റ് ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്: മാനേജർ, ഇഗവേർണൻസ് (ഐടിഐകൾക്ക് ആവശ്യമായ സാങ്കേതിക സഹായത്തിനും വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനും).